"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ നഗരസഭ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള ജി.ഐ.എസ്. അധിഷ്ഠിത കരട് മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(8) എന്നിവ പ്രകാരമുള്ള പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.59/2023/LSGD തീയതി,തിരുവനന്തപുരം, 25-02-2023

---

പരാമർശം:-

1. 12/01/2022-ലെ തൃശ്ശൂർ നഗരസഭ കൗൺസിലിന്റെ 21-ാം നമ്പർ തീരുമാനം
2. 29/07/2022-ലെ തൃശ്ശൂർ നഗരസഭ കൗൺസിലിന്റെ 42-ാം നമ്പർ തീരുമാനം
3. 31/10/2022-ലെ തൃശ്ശൂർ നഗരസഭ കൗൺസിലിന്റെ 01-ാം നമ്പർ കൌൺസിൽ തീരുമാനം
4. 07/12/2022 തീയതിയിലെ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ ഡി.ഡബ്ല്യൂ.7-59191/18 നമ്പർ കത്ത്.
5. 23/01/2023 -ലെ മുഖ്യനഗരാസൂത്രകന്റെ ടിസിപിസിടിപി/1968/2020-എഫ്1 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ ഉപപദ്ധതിയിൻ കീഴിൽ തൃശ്ശൂർ നഗരസഭ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള ജി.ഐ.എസ്. അധിഷ്ഠിത കരട് മാസ്റ്റർപ്ലാൻ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(3) പ്രകാരം പരിഷ്കരണങ്ങളോട് കൂടി സ്വീകരിക്കുന്നതിനും ആയതിനുള്ള ഉദ്ദേശ്യം 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം ഫാറം II-ൽ വിജ്ഞാപനം ചെയ്യുന്നതിനും പരാമർശം (2) പ്രകാരം നഗരസഭ

കൗൺസിൽ തീരുമാനം എടുക്കുകയും, ഫാറം II നഗരസഭയുടെ ഓദ്യോഗിക വെബ് സൈറ്റിലും, നോട്ടീസ് ബോർഡിലും വിജ്ഞാപനം ചെയ്യുകയും, 01/09/2022-ലെ 2985 നമ്പർ ഗസറ്റിലും, മാതൃഭൂമി, ദേശാഭിമാനി എന്നീ വർത്തമാനപത്രങ്ങളിലും വിജ്ഞാപനം ചെയ്യുകയുമുണ്ടായി. പരാമർശം (1) കൗൺസിൽ തീരുമാനത്തിന്മേൽ 2021-ലെ കേരള നഗര ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപികരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം മാസ്റ്റർ പ്ലാൻ കമ്മിറ്റി രൂപീകരിക്കുകയും, ടി മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കരട്ട മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനും, പ്രസിദ്ധീകരണാനുമതിക്കായി സർക്കാരിലേക്ക് അയച്ച നൽകുന്നതിനും നഗരസഭ കൌൺസിൽ പരാമർശം (3) തീരുമാനം എടുക്കുകയും ചെയ്തിട്ടുള്ളതാണ്.

(2) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും ചട്ടങ്ങളുടെ ചട്ടം 16(7) പ്രകാരം സർക്കാരിലേക്ക് പ്രസിദ്ധീകരണാനുമതിക്കായി അയക്കുന്നതിനുള്ള രേഖകൾ പരാമർശം (4) പ്രകാരം നഗരസഭ സെക്രട്ടറി സമർപ്പിച്ചിരുന്നു.

(3) കരട് മാസ്റ്റർ പ്ലാൻ നഗരസഭ കാൺസിൽ പരാമർശം (3) പ്രകാരം അംഗീകരിച്ചിട്ടുള്ളതും സർക്കാരിലേക്ക് പ്രസിദ്ധീകരണാനുമതിക്കായി അയക്കുന്നതിനും തീരുമാനം എടുത്തിട്ടുള്ളതിനാൽ തൃശ്ശൂർ മാസ്റ്റർ പ്ലാനിനു 2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(3) പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(8) പ്രകാരവുമുള്ള പ്രസിദ്ധീകരണാനുമതി നൽകുന്നതിനു മുഖ്യനഗരാസൂത്രകൻ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ, തൃശ്ശൂർ നഗരസഭയുടെ കൗൺസിൽ തീരുമാനം എന്നിവ പരിഗണിച്ചുകൊണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ ഉപപദ്ധതിയിൻ കീഴിൽ തൃശ്ശൂർ നഗരസഭ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള ജി.ഐ.എസ്. അധിഷ്ഠിത കരട് മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(8) എന്നിവ പ്രകാരമുള്ള പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHERLI P

സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
2. ജില്ലാ നഗരാസൂത്രകൻ, തൃശ്ശൂർ (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, തൃശ്ശൂർ നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.,
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Anilkumar C

Date: 25-02-2023 15:56:31

സെക്ഷൻ ഓഫീസർ